# 2015 മെയ് 10-ാം തീയതി മുതൽ, 2015 ഡിസംബർ - വരെയുള്ള ചിക്കാഗോ കെ.സി.എസ് പ്രവർത്തന റിപ്പോർട്ട്

കെ.സി.എസ് കുടുംബത്തിൽ നിന്നും വേർപിരിഞ്ഞ ഫാ. തോമസ് വട്ടോത്ത്പറമ്പിൽ, ഫാ. ജോസഫ് കല്ലിടാന്തിയിൽ, തോമസ് കൊച്ചുപുരക്കൽ, ഏലി ജോസഫ് ഇടിയാലിൽ, അന്നക്കുട്ടി പള്ളിക്കുന്നേൽ, അരുൺ ആക്കാത്തറ, എബ്രഹാം കുരീക്കോട്ടിൽ, അന്നമ്മ ഇടകര, ജൂസി സൈമൺ മാക്കീൽ, പി.സി മാത്യു വാഴപ്പള്ളിൽ, ഏലി മത്തായി പഴയംപ ള്ളിൽ, ചിന്നമ്മ മത്തായി പുല്ലുകാട്ട്, മേരിക്കുട്ടി കൊല്ലാലപ്പാറയിൽ, സ്റ്റീഫൻ. സി. പീറ്റർ അറക്കൽ, ഏലിയാമ്മ വഞ്ചിപുരക്കൽ, എലിയാമ്മ മാത്യു കൊരട്ടിയിൽ, മാഗി അലക്സ് ചെട്ടിയാത്ത്, പി.ജെ മാത്യു പുഴകരോട്ട്, കുര്യൻ പണയപ്പറമ്പിൽ, എം.സി ചാക്കോ മുത്തോ ലത്ത്, കെ.ജെ പോൾ കണിയാലിൽ, തോമസ് കുന്നുംപുറത്ത്, പാച്ചി നെടുമാക്കൽ, ജോസ് പണയപ്പറമ്പിൽ, തോമസ് കുശക്കുഴിയിൽ, ജോസഫ് ആനിത്തോട്ടത്തിൽ, ജോസഫ് തത്തം കുളം, ത്രേസ്യാമ്മ പൂഴിക്കുന്നേൽ, തങ്കച്ചൻ പണയപ്പറമ്പിൽ, മേരി ലൂക്കോസ് ചെമ്മാച്ചേൽ, ആലീസ് ജോസഫ് മാണിപ്പറമ്പിൽ, മേരി ജോസഫ് മാടുകുത്തിയേൽ, അന്നമ്മ തേർവാല ക്കൊട്ടയിൽ, മറിയാമ്മ ആകശാലയിൽ, മേരിക്കുട്ടി വെള്ളിയാൻ, ചിന്നമ്മ പാഴൂർ, ഫിലിപ്പ് മ്യാലിൽ എന്നിവരുടെ സ്മരണയ്ക്ക് ആദരാഞ്ജലികൾ നേരുന്നു.

## അർദ്ധ വാർഷിക ജനറൽ ബോഡിയോഗം

കെ.സി.എസ് അർദ്ധവാർഷിക ജനറൽ ബോഡിയോഗം 2015 മെയ് 9-ാം തീയതി കമ്മ്യൂണിറ്റി സെന്ററിൽ പ്രസിഡന്റ് ജോസ് കണിയാലിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ജനറൽ സെക്രട്ടറി ജീനോ കോതാലടിയിൽ അവതരിപ്പിച്ച റിപ്പോർട്ടും ട്രഷറർ സ്റ്റീഫൻ കിഴ ക്കേകുറ്റ് അവതരിപ്പിച്ച കണക്കും യോഗം അംഗീകരിച്ചു.

2014 ചിക്കാഗോ കെ.സി.സി.എൻ.എ കൺവൻഷന്റെ സ്വതന്ത്രമായി ഓഡിറ്റ് ചെയ്ത കണക്കും, കൺവൻഷൻ സോവനീറും പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടു. 2015 മെയ് 16 ന് ചേരുന്ന കെ.സി.സി.എൻ.എ നാഷണൽ കൗൺസിൽ മീറ്റിംഗ് അജണ്ടയിൽ ഉൾപ്പെ ടുത്തി ചർച്ച ചെയ്യണമെന്ന് കെ.സി.എസ് ജനറൽ ബോഡി യോഗം ആവശ്യപ്പെട്ടു.

മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ ദേവാലയത്തോടനുബന്ധിച്ച് കെ.സി. എസ് ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തുന്നതിനായി നേതൃത്വ സംഗമ കമ്മറ്റിയെ ചുമതലപ്പെടുത്തി.

**ഫണ്ട് റെയിസിംഗ് ഷോ:** കെ.സി.എസ് മൾട്ടിപർപ്പസ് കമ്മ്യൂണിറ്റി സെന്റർ നിർമ്മിക്കു ന്നതിലേക്കായി നടത്തപ്പെട്ട സിദ്ധിക്ക് ലാൽ സ്പീക്കിംഗ് എന്ന സ്റ്റേജ് ഷോ 2015 മെയ് 29 ന് ചിക്കാഗോ ഗെയ്റ്റ് വേ തിയേറ്ററിൽ വച്ച് നടത്തപ്പെട്ടു. 139500 ഡോളർ ടിക്കറ്റ് വില്പന നട ത്തിയതിൽ 138325 ഡോളർ സമാഹരിക്കുവാൻ കഴിഞ്ഞു. വിജയിപ്പിക്കുവാൻ സഹകരിച്ച എല്ലാവരേയും നന്ദി അറിയിക്കുന്നു. ഫണ്ട് സമാഹരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ട്രഷറർ സ്റ്റീഫൻ കിഴക്കേകുറ്റിനെയും കമ്മറ്റി അംഗങ്ങളെയും പ്രത്യേകം അഭിന ന്ദിക്കുന്നു.

**കെ.സി.എസ് പിക്നിക്ക്** : മൗണ്ട് പ്രോസ്പക്ടിലുള്ള വുഡ്സ് ഈസ്റ്റ് പാർക്കിൽ വച്ച് ജൂൺ 6-ാം തീയതി പിക്നിക്ക് വിജയകരമായി നടത്തപ്പെട്ടു. നേതൃത്വം നൽകിയ ഔട്ട് ഡോർ കമ്മറ്റി ചെയർമാൻ ജെയിംസ് കോലടിയുടെ നേതൃത്വത്തിലുള്ള കമ്മറ്റിക്ക് അഭിനന്ദനങ്ങൾ

**ഓണാഘോഷം** : വിഭവസമൃദ്ധമായ സദ്യ, മാവേലിയുടെ എഴുന്നെള്ളിപ്പ്, ചെണ്ടമേളം, മികവാർന്ന കലാപരിപാടികൾ, നിറഞ്ഞ് കവിഞ്ഞ സദസ്സ് എന്നിവ ആഗസ്റ്റ് 23 ന് കമ്മ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തപ്പെട്ട ഓണാഘോഷത്തിന്റെ പ്രത്യേകതകളായിരുന്നു. വികാരി ജനറാൾ ഫാ.തോമസ് മുളവനാൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഫാ. എബ്രഹാം മുത്തോലത്ത് മുഖ്യപ്രഭാഷണവും ജെസ്സി മൈക്കിൾ തൊട്ടിച്ചിറ ഓണസന്ദേശവും നൽകി. എന്റർടെയിൻമെന്റ് കമ്മറ്റി ചെയർപേഴ്സൺ ഡെന്നി പുല്ലാപ്പള്ളിൽ, മറ്റ് കമ്മറ്റി അംഗങ്ങൾ എന്നിവർക്ക് നന്ദി അറിയിക്കുന്നു.

**ഒളിംപിക്സ്** : പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ കെ.സി.എസ് ഒളിംപിക്സ് സെപ്റ്റംബർ 20 ന് മോർട്ടൻ ഗ്രോവിലുള്ള സെയിന്റ് പോൾ വുഡ്സിൽ വച്ച് നടത്തപ്പെട്ടു. കായിക താരങ്ങളുടെ മാർച്ച് പാസ്റ്റിൽ വൈസ് പ്രസിഡന്റ് റോയി നെടുംചിറ സല്യൂട്ട് സ്വീകരിക്കുകയും, ഒളിംബിക്സിന്റെ ഉദ്ഘാടനം ഫാ. എബ്രഹാം മുത്തോലത്ത് നിർവഹിക്കുകയും ചെയ്തു. ഫാ. സുനി പടിഞ്ഞാറെക്കര, ഫാ. ജോസ് കന്നുവെട്ടിയേൽ എന്നിവർ വ്യക്തിഗത വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. ഓവറോൾ ചാമ്പ്യൻമാരായ കിടങ്ങൂർ - രാജപുരം, റണ്ണർ അപ്പ് ആയ കൈപ്പുഴ- കടുത്തുരുത്തി എന്നീ ഫൊറോനകൾക്കുള്ള ട്രോഫികൾ ക്നാനായ നൈറ്റിൽ വച്ച് സമ്മാനിക്കപ്പെട്ടു. വിജയകരമായ ഈ ഒളിംപിക്സിന് ചുക്കാൻ പിടിച്ച ഔട്ട് ഡോർ കമ്മറ്റി ചെയർമാൻ ജെയിംസ് കോലടിയിൽ, കൺവീനർ ജസ്റ്റിൻ തെങ്ങനാട്ട്, കമ്മറ്റി അംഗങ്ങൾ എന്നിവർക്ക് പ്രത്യേകം നന്ദി.

**ബിജു തുരുത്തിയിൽ മെമ്മോറിയൽ ബാഡ്മിന്റൻ ടൂർണമെന്റ്** : കെ.സി.സി.എൻ.എ നാഷണൽ കൗൺസിൽ അംഗമായിരുന്ന ബിജു തുരുത്തിയിലിന്റെ സ്മരണ നിലനിർത്തുന്നതിനായി നടത്തിവരുന്ന ബാറ്റ്മിന്റൻ ടൂർണമെന്റ് 2015 സെപ്റ്റംബർ 27-ാം തീയതി ഷാംബർഗിലുള്ള ഈഗർട്ട് ബാറ്റ്മിന്റൻ ക്ലബിൽ വച്ച് നടത്തപ്പെട്ടു. താഴെപ്പറയുന്നവരാണ് വിവിധ ഇനങ്ങളിലെ വിജയികൾ

സിംഗിൾസ് : ഷാബിൻ കുരുട്ടുപറമ്പിൽ

റണ്ണർ അപ്പ് : ജസ്റ്റിൻ മാണിപ്പറമ്പിൽ

ഡബിൾസ് : ഷാബിൻ കുരുട്ടുപറമ്പിൽ, ജിബി കൊല്ലപ്പള്ളി

ഡബിൾസ് റണ്ണർ അപ്പ് : ലൂക്ക് ആലപ്പാട്ട്, ജോയ്സ് ആലപ്പാട്ട്

ഹൈസ്ക്കൂൾ സിംഗിൾസ് : ലൂക്കോസ് ചെറിയത്തിൽ

ഹൈസ്ക്കൂൾ സിംഗിൾസ് റണ്ണർ അപ്പ് : ജോയൽ മാക്കീൽ

ഹൈസ്ക്കൂൾ സിംഗിൾസ് 3-ാം സ്ഥാനം : ജേയ്ക്ക് പടിഞ്ഞാറേൽ

ഈ ടൂർണമെന്റിന്റെ വിജയകരമായ നടത്തിപ്പിന് നേതൃത്വം നൽകിയ ഷിജു ചെറിയത്തിലിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി അഭിനന്ദനം അർഹിക്കുന്നു.

കെ.സി.എസ് യുവജനോത്സവം : ഏകദേശം മുന്നൂറോളം കലാപ്രതിഭകൾ മാറ്റുരച്ച കെ.സി.എസ് യുവജനോത്സവം ഒക്ടോബർ 24ന്, കമ്മ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തപ്പെട്ടു. ഫാ. ടോമി വട്ടുകുളം, അനീഷ കുന്നത്തുകിഴക്കേതിൽ, ആൻസൺ മുല്ലപ്പള്ളി എന്നിവർ സംയുക്തമായി യുവജനോത്സവം ഉദ്ഘാടനം ചെയ്തു. കലാപ്രതിഭ ക്രിസ്റ്റ്യൻ ചേല

ക്കൽ, കലാതിലകം ഹന്നാ ചേലക്കൽ, റൈസിംഗ് സ്റ്റാഴ്സ് ആയ റ്റോബി കൈതക്കതൊട്ടി യിൽ, നീവാ തോട്ടം, അലക്സ് റ്റോമി ചക്കാലക്കൽ എന്നിവർക്കുള്ള ട്രോഫികൾ ക്നാനായ നൈറ്റിൽ വച്ച് സമ്മാനിക്കപ്പെട്ടു. വിജയകരമായ യുവജനോത്സവ നടത്തിപ്പിന് നേതൃത്വം നൽകിയ എന്റർടെയിൻമെന്റ് കമ്മറ്റി ചെയർപേഴ്സൺ ഡെന്നി പുല്ലാപ്പള്ളിയുടെ നേതൃത്വ ത്തിലുള്ള കമ്മറ്റിക്ക് നന്ദി അറിയിക്കുന്നു.

**ക്നാനായ നൈറ്റ്** : കെ.സി.എസ് സാംസ്കാരിക ഉത്സവമായ ക്നാനായ നൈറ്റ് മിക വാർന്ന കലാ പരിപാടികളോടെ നവംബർ 7-ാം തീയതി ചിക്കാഗോ ഐറിഷ് അമേരിക്കൻ ഹെരിറ്റേജ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. പ്രസിഡന്റ് ജോസ് കണിയാലിയുടെ അദ്ധ്യക്ഷത യിൽ ചേർന്ന യോഗത്തിൽ കോട്ടയം ബി.സി.എം കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. ഷീലാ സ്റ്റീഫൻ ഉദ്ഘാടനം ചെയ്തു. കെ.സി.ഡബ്ല്യൂ.എഫ്.എൻ.എയുടെ സാമൂഹിക സേവന പദ്ധ തിയായ പ്രോജക്റ്റ് ദീപ്തിയുടെ ഉദ്ഘാടനം ചാക്കോച്ചൻ കിഴക്കേകുറ്റിൽ നിന്നും സംഭാ വന സ്വീകരിച്ച് ഉദ്ഘാടനം ചെയ്യപ്പെട്ടു. 2014 ചിക്കാഗോ കെ.സി.സി.എൻ.എ കൺവൻഷൻ സോവനീറിന്റെ പ്രകാശനം കെ.സി.എസ് പ്രസിഡന്റ് ജോസ് കണിയാലി പ്രഥമ പ്രതി സ്വീകരിച്ച് നടത്തപ്പെട്ടു. കെ.സി.എസ് ഒളിംപിക്സ് ഓവറോൾ ചാമ്പ്യൻമാരായ കിടങ്ങൂർ - രാജപുരം ഫൊറോന, റണ്ണർ അപ്പ് ആയ കൈപ്പുഴ - കടുത്തുരുത്തി ഫൊറോനകൾക്കുള്ള ട്രോഫികളും സമ്മാനിച്ചു. കെ.സി.എസ് യുവജനോത്സവ കലാപ്രതിഭ ക്രിസ്റ്റ്യൻ ചേല ക്കൽ, കലാതിലകം ഹന്നാ ചേലക്കൽ റൈസിംഗ് സ്റ്റാഴ്സ് ആയി വിജയിച്ച റ്റോബി കൈത ക്കതൊട്ടിയിൽ, നീവാ തോട്ടം, അലക്സ് റ്റോമി ചക്കാലക്കൽ എന്നിവർക്ക് ട്രോഫികൾ സമ്മാനിച്ചു. വൈവിധ്യമാർന്ന കാലപരിപാടികളിൽ പങ്കെടുത്ത എല്ലാ പോഷകസംഘട നാംഗങ്ങൾക്കും, കോർഡിനേറ്റർമാർ, എന്റർടെയൻമെന്റ് ചെയർപേഴ്സൺ ഡെന്നി പുല്ലാ പ്പള്ളി മറ്റ് അംഗങ്ങൾ എന്നിവർ പ്രത്യേക അഭിനന്ദനം അർഹിക്കുന്നു.

**കർഷശ്രീ പുരസ്കാരം** : കെ.സി.എസ് പ്രഖ്യാപിച്ച ക്നാനായ കർഷശ്രീ പുരസ്കാര ത്തിന് ജയിംസ് കുശക്കുഴിയിൽ അർഹനായി. ജോജോ ഇടകര, ജോസഫ് പുതുശ്ശേരിൽ എന്നിവർ പ്രോത്സാഹന സമ്മാനം കരസ്ഥമാക്കി. വിജയികൾക്കുള്ള പുരസ്കാരങ്ങൾ ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് നൽകുന്നതാണ്.

**വിനോദയാത്ര** : കെ.സി.എസിന്റെ ആഭിമുഖ്യത്തിൽ മിഷിഗണിലുള്ള സെയിന്റ് ജോസ ഫിലേക്ക് ആസ്വാദ്യകരമായ വിനോദയാത്ര നടത്തപ്പെട്ടു. റോയി നെടുംചിറയാണ് നേതൃത്വം നൽകിയത്.

**ക്രൂസ്** : 2016 ഫെബ്രുവരി 11 മുതൽ 15 വരെ 83 പേർ പങ്കെടുക്കുന്ന വെസ്റ്റേൺ കരീബി യൻ ക്രൂസിനുള്ള ഒരുക്കങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

**നാഷണൽ കൗൺസിൽ മീറ്റിംഗ്** : മെയ് 16-ാം തീയതി ന്യൂയോർക്കിൽ ചേർന്ന കെ. സി.സി.എൻ.എ നാഷണൽ കൗൺസിൽ യോഗം ഹൂസ്റ്റണിൽ വച്ച് കൺവൻഷൻ നടത്തു വാനും ഒക്ടോബർ 3 ന് സമ്മേളിച്ച നാഷണൽ കൗൺസിൽ കൺവൻഷൻ ഓഗസ്റ്റ് ആദ്യ വാരം നടത്തുവാനാവശ്യമായ ഭരണഘടനാ ഭേദഗതിയും അംഗീകരിച്ചു. പ്രസ്തുത യോഗ ങ്ങളിൽ ഭൂരിപക്ഷം കെ.സി.എസ് പ്രതിനിധികളും പങ്കെടുത്തു.

**സോഷ്യൽ ബോഡിയോഗം** : ആഗസ്റ്റ് 30 ന് ചേർന്ന യോഗത്തിൽ മൾട്ടിപർപ്പസ് സേർച്ച്, ഹോഫ്മാൻ എസ്റ്റേറ്റ്സ് ക്നാനായ സീനിയർ ലിവിംഗ് ഹോം കമ്മറ്റികൾ റിപ്പോർട്ട് അവതരിപ്പിച്ചു. ഈ രണ്ടു കമ്മറ്റികളും പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നു. സോഷ്യൽ ബോഡി നിർദ്ദേശാനുസരണം ഹോഫ്മാൻ എസ്റ്റേറ്റിൽ സീനിയർ ലിവിംഗ് ഹോം നിർമ്മി ക്കുന്നതിനെക്കുറിച്ച് സമുദായാംഗങ്ങൾക്കിടയിൽ നടത്തിയ അഭിപ്രായ സർവ്വേയിൽ

യാതൊരു പ്രതികരണവും ലഭിച്ചില്ല. മൾട്ടി പർപ്പസ് സേർച്ച് കമ്മറ്റി 1000 പേർ ഉൾക്കൊള്ളിക്കുവാൻ സാധിക്കുന്നതും, അതിന് അനുയോജ്യമായ പാർക്കിംഗ് ഉള്ള കെട്ടിടം ലഭ്യമാക്കുന്നതിന് യോഗം നിർദ്ദേശം നൽകി. ഹോഫ്മാൻ എസ്റ്റേറ്റ്സ് പ്രോപ്പർട്ടി, കമ്മ്യൂണിറ്റി സെന്റർ എന്നിവയെക്കുറിച്ച് താരതമ്യ കമ്പോളപഠനം നടത്തുവാൻ അലക്സ് മുല്ലപ്പള്ളിയെ യോഗം ചുമതലപ്പെടുത്തി.

**ലെയ്സൺ ബോർഡ് / ലെജിസ്ലേറ്റീവ് ബോർഡ് തെരഞ്ഞെടുപ്പ്** : കെ.സി.എസിന്റെ പുതുക്കിയ നിയമാവലി പ്രകാരം ഇദംപ്രഥമമായി വാർഡ് അടിസ്ഥാനത്തിൽ ലെജിസ്ലേറ്റീവ് ബോർഡിലേക്ക് താഴെപ്പറയുന്നവർ ഐക്യകണ്ഠേന തെരഞ്ഞെടുക്കപ്പെട്ടു.

| | വാർഡ് |
|---|---|
| ജിമ്മി കണിയാലി | 1 |
| ജോബി ഓളിയിൽ | 2 |
| അരുൺ നെല്ലാമറ്റം | 3 |
| ബൈജു കുന്നേൽ | 4 |
| സാജൻ പച്ചിലമാക്കിൽ | 5 |
| ജോജോ ഇടകര | 6 |
| ജോജോ ആലപ്പാട്ട് | 7 |
| സൻജു പുളിക്കത്തൊട്ടിയിൽ | 8 |

വാർഡ് 3 പ്രതിനിധി അരുൺ നെല്ലാമറ്റം വ്യക്തിപരമായ കാരണങ്ങളാൽ രാജി സമർപ്പിച്ചതിനാൽ ആ വാർഡ് പ്രതിനിധി സ്ഥാനം ഒഴിവ് വന്നിരിക്കുകയാണ്.

ലെയ്സൺ ബോർഡ് ചെയർമാനായി ജോസ് സൈമൺ മുണ്ടപ്ലാക്കിൽ, വൈസ് ചെയർമാനായി പോൾസൺ കുളങ്ങര ബോർഡ് അംഗങ്ങളായി ചാക്കോ മറ്റത്തിപ്പറമ്പിൽ, ജോണിക്കുട്ടി പിള്ളവീട്ടിൽ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഏവർക്കും പ്രവർത്തന വിജയാശംസകൾ നേരുന്നു. ലെയിസൺ ബോർഡിൽ ഒരു സ്ഥാനം ഒഴിവുണ്ട്. ലെജിസ്ലേറ്റീവ് ബോർഡിൽ ഒഴിവുള്ള സ്ഥാനത്തേക്ക് കെ.സി.എസ് ഭരണഘടന Article IV, Section 5 പ്രകാരവും ലെയിസൺ ബോർഡിലെ ഒഴിവിലേക്ക് Article VI, Section 5 അനുസരിച്ചും നോമിനേഷൻ നടത്തേണ്ടതാണ്.

## പോഷകസംഘടനകൾ

**കിഡ്സ് ക്ലബ്** : ക്നാനായ നൈറ്റിനോടനുബന്ധിച്ച് കിഡ്സ് ക്ലബ് അംഗങ്ങൾ നടത്തിയ കലാപരിപാടികൾ ഏവരുടെയും പ്രശംസ പിടിച്ചു പറ്റി.

**കെ.സി.ജെ.എൽ** : നോർത്ത് ബ്രൂക്കിലെ ഹോൾ ഫുഡ്സിൽ വെച്ച് ആരോഗ്യകരമായ ഭക്ഷണം തയ്യാറാക്കുന്നതിനെക്കുറിച്ച് ക്ലാസ്സ് നടത്തി.

**ക്നാനായ യൂത്ത് നൈറ്റ്** : കെ.സി.എസ് ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ നിർദ്ദേശാനുസരണം കെ.സി.വൈ.എൽ ന്റെയും യുവജനവേദിയുടെയും സംയുക്ത എക്സിക്യൂട്ടീവ് യോഗം ചേർന്നു. പ്രസ്തുത യോഗത്തിന്റെ തീരുമാന പ്രകാരം, ജൂൺ 27 ന് ക്നാനായ യൂത്ത് നൈറ്റ് അരങ്ങേറി, ഹൈസ്ക്കൂൾ, കോളേജ് ബിരുദധാരികൾ, എ.സി.റ്റി പരീക്ഷയ്ക്ക് ഉന്നത വിജയം കരസ്ഥമാക്കിയ വനേസ്സാ ഇണ്ടിക്കുഴി, ജെറി ഇടിയാലിൽ എന്നിവരെ പുരസ്കാരങ്ങൾ നൽകി ആദരിച്ചതോടൊപ്പം, ആകർഷകമായ കലാപരിപാടികളും നടത്തപ്പെട്ടു. കെ.സി.വൈ.എൽ. യുവജനവേദി ഭാരവാഹികൾ പ്രത്യേകം അഭിനന്ദനമർഹിക്കുന്നു.

**കെ.സി.വൈ.എൽ** : കെ.സി.വൈ.എൽ ഉം സ്പോർട്സ് ഫോറവും സംയുക്തമായി നടത്തിയ ബാസ്ക്കറ്റ് ബോൾ ടൂർണമെന്റ്, സിക്സ് ഫ്ളാഗ് ട്രിപ്പ്, ഹോണ്ടട് ഹൗസ് ട്രിപ്പ് മാർച്ച് ഓഫ് ഡൈംസ് എന്നിവ ഈ കാലയളവിലെ പരിപാടികളിൽ പെടുന്നു.

**യുവജനവേദി** : അംഗങ്ങളുടെ ജന്മദിനാഘോഷങ്ങൾ, ഹോളി ആഘോഷം, ഓണസദ്യ, കിംഗ്സ് ഐലന്റ് യാത്ര, അംഗങ്ങളുടെ ചന്തം ചാർത്ത്, മൈലാഞ്ചി, സെന്റ് മേരീസ് പള്ളിയുടെ പ്രധാന തിരുനാളിനോടനുബന്ധിച്ച് തട്ടുകട എന്നിവ യുവജനവേദിയുടെ പ്രവർത്തനങ്ങളെ സജീവമാക്കി.

**വിമൻസ് ഫോറം** : സർഗ്ഗമേള, തിരയും തീരവും സെമിനാർ. ഉപന്യാസമത്സരം എന്നിവയായിരുന്നു ഈ കാലയളവിലെ പരിപാടികൾ. ഉപന്യാസ മത്സരത്തിൽ ജോസ്മി ഇടുക്കുതറയിലും ഷൈനി വിരുത്തികുളങ്ങരയും വിജയികളായി.

**ഗോൾഡീസ്** : എല്ലാ മാസത്തിലേയും നാലാമത്തെ ആഴ്ചയിലാണ് യോഗം ചേരുന്നത്. ഫെർമി ലാബ് സന്ദർശനം, സ്മാർട്ട് ഫോൺ പരിശിലനം, മെഡിക്കെയർ, ലോംഗ് ടേം കെയർ, ഇൻവസ്റ്റ്മെന്റ് എന്നിവയെക്കുറിച്ചുള്ള സെമിനാറുകൾ നടത്തപ്പെട്ടു. 100–ാമത് യോഗം ഷാംബർഗിലുള്ള മിഡീവൽ ടൈംസിൽ വച്ചാണ് നടത്തപ്പെട്ടത്. പുതിയ കോർഡിനേറ്റേഴ്സായി തെരഞ്ഞെടുക്കപ്പെട്ട ഫിലിപ്പ് ഇലക്കാട്ടിനും രാജു നെടിയകാലാക്കും അഭിനന്ദനങ്ങൾ നേരുന്നു.

**സീനിയർ സിറ്റിസൺസ് ഫോറം** : ഈ ഫോറത്തിന്റെ പ്രവർത്തന ഉദ്ഘാടനം കെ.സി.എസ് പ്രസിഡന്റ് ജോസ് കണിയാലി നിർവഹിച്ചു. മാസയോഗങ്ങൾ, മാതാവിന്റെ വണക്കമാസ ആചരണം, ഗ്രാന്റ് പേരന്റ്സ് ഡേ ആഘോഷം എന്നിവ പ്രവർത്തന പരിപാടികളിൽ ഉൾപ്പെടുന്നു. ജേക്കബ് പുല്ലാപ്പള്ളിയും, ത്രേസ്യാമ്മ പുല്ലാപ്പള്ളിയുമാണ് ബെസ്റ്റ് ഗ്രാന്റ് പേരന്റ്സ് അഭിനന്ദനങ്ങൾ.

**ന്യൂസ് ലെറ്റർ** : കെ.സി.എസ് മുഖപത്രമായ ന്യൂസ് ലെറ്റർ 8 ലക്കങ്ങൾ പ്രസിദ്ധീകരിച്ചു. പരസ്യദാതാക്കൾക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു.

**റിസോഴ്സ് കമ്മറ്റി** : റ്റോമി കണ്ണാലയുടെ നേതൃത്വത്തിൽ ഈ കമ്മറ്റി സുഗമമായി പ്രവർത്തിച്ചു വരുന്നു.

**ഡോളർ ഫോർ ക്നാനായ ചാരിറ്റി** : പ്രവർത്തനങ്ങളുടെ ഭാഗമായി പുന്നത്തുറ സെയിന്റ് തോമസ് ഇടവകാംഗം സുജാ റെജിക്ക് 1000 ഡോളർ ധനസഹായം നൽകി.

**വെബ്സൈറ്റ് കമ്മറ്റി** : അംഗങ്ങളായ ദിലീപ് മാധവപ്പള്ളിൽ, റ്റെഡി മുഴയൻമാക്കൽ, ബിനോയ് കിഴക്കനടിയിൽ എന്നിവരുടെ സേവനങ്ങൾക്കും നിരവധി സഹായങ്ങൾ നൽകി വരുന്ന ജിമ്മി കണിയാലിക്കും നന്ദി രേഖപ്പെടുത്തുന്നു.

**സ്പോർട്സ് ഫോറം** : സമുദായ അംഗങ്ങളിലെ കായിക അഭിരുചിക്ക് അഭിനന്ദനാർഹമായ ഉണർവ്വ് നൽകി പ്രവർത്തിക്കുന്ന സ്പോർട്സ് ഫോറത്തിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. യുവജനങ്ങൾക്കായി മൾട്ടിപർപ്പസ് സെന്റർ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയിലേക്കു ഈ വിജയം വിരൽ ചൂണ്ടുന്നു.

**ബാസ്ക്കറ്റ് ബോൾ ടൂർണമെന്റ്** : റവ. ഡോ : മാത്യു മണക്കാട്ട് മുഖ്യതിഥി ആയി പങ്കെടുത്ത ചടങ്ങിൽ ഫാ : സുനി പടിഞ്ഞാറെക്കര ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. അണ്ടർ ലീഗിൽ റോഷൻ മുരിങ്ങോത്ത്,ആൽവിൻ നെല്ലാമറ്റം, സേവ്യർ മണപ്പള്ളിൽ, പാട്രിക് നെടുമാക്കൽ, ജസ്റ്റിൻ നെല്ലാമറ്റം, ജെയ്സൺ ആശാരിക്കുറ്റ്, ജിനോ ജയിംസ്, എന്നിവരടങ്ങിയ ടീം ചാമ്പ്യൻമാരും ക്രിസ് മുല്ലപ്പള്ളിൽ, മാക്സ് തച്ചേട്ട്, അപ്പു മണപ്പള്ളിൽ, സിറിൾ

അംമ്പേനാട്ട്, പ്രിൻസ് എബ്രഹാം എന്നിവരുടെ ടീം റണ്ണർ അപ്പും ആയി. ഓൾഡർ ലീഗിൽ ഫാബ്ക്യൂ ചാമ്പ്യൻമാരും നോ മേഴ്സി റണ്ണർ അപ്പും ആയി വിജയികളായി.

**വോളിബോൾ ടൂർണമെന്റ്** : കെ.സി.എസ് പ്രസിഡന്റ് ജോസ് കണിയാലി ഉദ്ഘാടനം ചെയ്തു. ഹൈസ്ക്കൂൾ വിഭാഗത്തിൽ മാക്സ് തച്ചേട്ട് നയിച്ച ടീം ചാമ്പ്യൻമാരും പോൾ എടാട്ട് നേതൃത്വം നൽകിയ ടീം റണ്ണർ അപ്പും ആയി. സനൽ കദളിമറ്റം നേതൃത്വം നൽകിയ ടീം മിഡിൽ സ്കൂൾ വിഭാഗത്തിൽ ചാമ്പ്യൻമാരും ഡെറിക് തച്ചേട്ട് ക്യാപ്റ്റനായുള്ള ടീം റണ്ണർ അപ്പ് സ്ഥാനവും കരസ്ഥമാക്കി.

**ക്രിക്കറ്റ് ടൂർണമെന്റ്** : ഫൊറോന അടിസ്ഥാനത്തിൽ ഡെസ്പ്ലെയിൻസിലെ ഡീ പാർക്കിൽ വെച്ച് നടത്തപ്പെട്ട ടൂർണമെന്റിൽ കൈപ്പുഴ ഫൊറോന ചാമ്പ്യൻമാരും ഉഴവൂർ ഫൊറോന റണ്ണർ അപ്പും ആയി വിജയികളായി. സ്പോർട്സ് ഫോറം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഷിജു ചെറിയത്തിലിന് അഭിനന്ദനങ്ങൾ നേരുന്നു.

**ബിസിനസ് ഫോറം** : ഉദ്ഘാടനം മോൻസ് ജോസഫ് എം.എൽ.എ നിർവഹിച്ചു. വിദേശ നിക്ഷേപങ്ങളും വരുമാനമാർഗ്ഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെടേണ്ടതിനെക്കുറിച്ച് വിജ്ഞാനപ്രദമായ സെമിനാർ ടോമി നെല്ലാമറ്റം നയിച്ചു. ബിസിനസ്സ് കമ്മ്യൂണിറ്റി അഭിമുഖീകരിക്കുന്ന ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുവാൻ വിപുലമായ യോഗം വിളിച്ച് ചേർക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സിറിയക്ക് കൂവക്കാട്ടിൽ, ജോയി നെടിയകാലായിൽ, ബിനു പൂത്തറ എന്നിവർ നേതൃത്വം നൽകിവരുന്നു.

**ക്നാനായ യംഗ് ഫാമിലി ഫോറം** : ഈ ഫോറത്തിന്റെ പ്രവർത്തനോദ്ഘാടനം കെ.സി.എസ് പ്രസിഡന്റ് ജോസ് കണിയാലി നിർവഹിച്ചു. ഇതിനോടകം ബോളിംഗ് നൈറ്റ്, പിക്നിക് എന്നീ പരിപാടികൾ നടത്തപ്പെട്ടു. അഭിലാഷ് നെല്ലാമറ്റം, മാത്യു വിലങ്ങാട്ട്ശ്ശേരി എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

**പ്രൊഫഷണൽ ഫോറം** : പ്രവർത്തനങ്ങൾക്ക് തമ്പി വിരുത്തികുളങ്ങര നേതൃത്വം നൽകുന്നു. കെ.സി.എസ് വെബ്സൈറ്റിൽ പ്രൊഫഷണൽ പ്രൊഫൈൽ പ്രസിദ്ധീകരിച്ചതോടൊപ്പം ഹൈസ്കൂൾ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കായി ഡോ : അജിമോൾ പുത്തൻപുരയിൽ നയിച്ച സെമിനാർ നടത്തപ്പെട്ടു.

**ചിക്കാഗോ കെ. സി. എസ് നാഷണൽ കൗൺസിൽ:** അംഗങ്ങളുടെ യോഗം നവംബർ 24-ാം തീയതി ചേർന്നു. കെ. സി. സി. എൻ. എ. ഹൂസ്റ്റൺ കൺവെൻഷൻ കമ്മിറ്റി സ്ഥാനങ്ങളിൽ ചിക്കാഗോ കെ. സി. എസ് ന് ലഭിച്ചിരിക്കുന്ന കമ്മിറ്റി സ്ഥാനങ്ങളിലേക്ക് സേവന സന്നദ്ധത പ്രകടിപ്പിച്ചവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

**അവാർഡ്:** ചെയർ: ഡാളി കടമുറിയിൽ

**അക്കോമഡേഷൻ** - കോ. ചെയേഴ്സ്- തങ്കച്ചൻ വെട്ടിക്കാട്ടിൽ, തോമസ് പൂതക്കരി

**ഹോസ്പിറ്റാലിറ്റി** - റിസപ്ഷൻ -കോ. ചെയർ - സിറിയക് പുത്തൻപുരയിൽ

ബാക്കി കമ്മറ്റികളിലേക്ക് കെ. സി. എസ് അംഗങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്.

2016 കെ. സി. സി. എൻ. എ കൺവെൻഷനിലേക്ക് ചിക്കാഗോ കെ. സി. എസ് അംഗങ്ങളുടെ രജിസ്ട്രേഷൻ സംഗമമാക്കുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും ഡാളി കാടമുറിയിൽ കൺവീനറായി കമ്മറ്റിയെ തെരഞ്ഞെടുത്തു. സക്കറിയ ചേലയ്ക്കൽ, റ്റിനു പറഞ്ഞാട്ട്, തോമസ് പൂതക്കരി എന്നിവരാണ് കമ്മറ്റിയിലെ മറ്റംഗങ്ങൾ.

**അറ്റൻഡൻസ് അവാർഡ്** : 2015 വർഷത്തിൽ ചേർന്ന കെ. സി. എസ്. ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗങ്ങളിൽ ഏറ്റവും കൂടതൽ ഹാജർ ഉള്ളവർക്ക് കെ. സി. എസ് പ്രഖ്യാപിച്ച അവാർഡിന് എല്ലാ യോഗങ്ങളിലം പങ്കെടുത്ത് അർഹരായ ജോസ് മണക്കാട്ടിനും ഡാളി കാടമുറിയിലിനും അഭിനന്ദനങ്ങൾ. ക്രിസ്തുമസ് ആഘോഷപരിപാടി മധ്യേ ഈ അവാർഡ് സമ്മാനിക്കുന്നതാണ്.

**ക്രിസ്തുമസ് കരോൾ**: ഡിസംബർ 4ന് കമ്മ്യൂണിറ്റി സെന്ററിൽ ചേർന്ന കെ. സി. എസ് ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗം ജോസ് മണക്കാട്ടിനെ ക്രിസ്തുമസ് കരോൾ കമ്മറ്റി ചെയർമാനായി തെരഞ്ഞെടുത്തു. എല്ലാ ഭവനങ്ങളിലും ക്രിസ്തുമസ് കരോൾ സംഘാഗങ്ങളെ സ്വാഗതം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ സംഘടനയുടെ പ്രവർത്തനങ്ങൾക്ക് ഉണർവും ഊർജ്ജവും നൽകുന്ന എല്ലാ അംഗങ്ങൾക്കും നന്ദി അറിയിച്ച് റിപ്പോർട്ട് ജനറൽബോഡിയുടെ അംഗീകാരത്തിനായി സവിനയം സമർപ്പിക്കുന്നു.

**ജീനോ കോതാലടിയിൽ**

ജനറൽ സെക്രട്ടറി